പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5201

06.02.2014-ൽ മറുപടിക്ക്.

# കണ്ണൂർ ജില്ലയിൽ ഫയർ ഫോഴ്സിന് കൂടുതൽ ഉപകരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്. | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) 1800 ലിറ്റർ വരെ ടാങ്ക് കപ്പാസിറ്റിയുള്ള വാട്ടർ ബൗസർ കണ്ണൂർ ജില്ലയിലെ ഫയർഫോഴ്സിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 2216/2013/ആഭ്യന്തരം തീയതി 07.08.2013 പ്രകാരം ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് 13 വാട്ടർ ബൗസർ വാങ്ങുന്നതിന് 455 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം വാട്ടർ ബൗസർ വാങ്ങുന്ന മുറയ്ക്ക് കണ്ണൂർ ജില്ലയിലെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനിൽ നൽകുന്നത് പരിഗണിക്കാവുന്നതാണ്. . |
| ബി) അത്യാധുനിക ഉപകരണങ്ങളുടെ അഭാവം അനുഭവിക്കുന്ന ഫയർ ഫോഴ്സിന് പോർട്ടബിൾ ഗ്രൗണ്ട് മോണിറ്റർ, മൾട്ടി ഗ്യാസ് ഡിറ്റക്ടർ, എക്സ്പ്ലോസി മീറ്റർ, ലീക്ക് അറസ്റ്റിംഗ് കിറ്റ്, സ്പാർക്ക് പ്രൂഫ് ടോർച്ച്, സ്പാർക്ക് ഫ്രീടൂൾകിറ്റ് എന്നീ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഏകാംഗ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| സി) സ്വന്തം ജീവൻപോലും പണയപ്പെടുത്തി രക്ഷാപ്രവർത്തനം നടത്തുന്ന ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് പ്രശസ്തി പത്രവും പാരിതോഷികവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | സി) സ്വന്തം ജീവൻപോലും പണയപ്പെടുത്തി രക്ഷാ പ്രവർത്തനം നടത്തുന്ന ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർക്ക് പാരിതോഷികവും, പ്രശസ്തി പത്രവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ